ശ്രീ. തമ്പാനൂർ രവി: ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ പല സ്ഥലത്തും കൂടുകയാണ്. വിവിധ വൃഞ്ജനപ്പൊടികൾ, അരി, പയറുവർഗ്ഗങ്ങൾ തുടങ്ങി ഗവൺമെന്റ് ലാഭം സ്റ്റോറിലും, മാവേലി സ്റ്റോറിലും കൂടി വിതരണം ചെയ്യുന്ന സാധനങ്ങളിലെങ്കിലും മായം ചേർത്താൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ സൂചിപ്പിച്ചു, മാവേലി-ലാഭം സ്റ്റോറുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അതിന്റെ ഗുണമേൻമ ഉറപ്പു വരുത്തിയശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ലബോറട്ടറി സൗകര്യങ്ങളും മറ്റും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതി വളരെ കാര്യമായിത്തന്നെ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്.

ശ്രീ. മത്തായി ചാക്കോ: ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകളിൽനിന്ന് റേഷൻ മൊത്ത വ്യാപാര കേന്ദ്രത്തിലേക്ക് അരിയും ഗോതമ്പും കൊണ്ടുപോകുന്നുണ്ട്. വിശേഷിച്ചും ഗോതമ്പിന്റെ കാര്യത്തിൽ എഫ്.സി.ഐ. എടുക്കുന്ന ഗോതമ്പ് പല സ്ഥലത്തും സ്വകാര്യ മില്ലുകളിലേക്ക് കടത്തിക്കൊണ്ടു പോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കോഴിക്കോട് വെസ്റ്റേൺ എഫ്.സി.ഐ.-ലെ ഡിപ്പോയിൽ നിന്ന് ഇത്തരത്തിൽ മൊത്തവ്യാപാര കേന്ദ്രത്തിലേക്ക് കൊണ്ടുപോയി അവിടെ ഗോതമ്പ് പൊടിക്കുന്ന ചില മില്ലുകളിലേക്ക് കടത്തിക്കൊണ്ടു പോയ ഒരു കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഇത് പ്രത്യേകമായിട്ട് ചോദിക്കേണ്ടതാണ്. ഗവൺമെന്റിന്റെ മുൻപിൽ വരുന്ന ഇത്തരം പരാതികളിൽ ഗവൺമെന്റ് അന്വേഷണം നടത്തി കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 319.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

*3 [319] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത്;

(ബി) വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചാലോചിക്കാൻ സമിതിയുണ്ടോ:

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ; ഈ സമിതി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തീർത്ഥാടകരുടെ സൗകര്യാർത്ഥം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഇനി ശബരിമലയിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ശബരിമല വികസനത്തിനുള്ള പ്രധാന തടസ്സം വനഭൂമി ലഭ്യമാകുന്നതിലെ പ്രയാസമാണ്. പെരിയാർ ടൈഗർ റിസർവ്വ് ഏരിയയായതിനാൽ വനഭൂമി ലഭിക്കുന്നതിന് തടസ്സങ്ങളുണ്ട്. സുപ്രീം കോടതിയുടേയും, കേന്ദ്ര സർക്കാരിന്റേയും അനുമതി ലഭിച്ചാൽ മാത്രമേ വനഭൂമി ലഭ്യമാകുകയുള്ളൂ. നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയാവുന്നത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി സർക്കാർ ശ്രമിച്ചുവരുന്നത്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെയ്ത കാര്യങ്ങൾ അനുബന്ധം ആയി കൊടുത്തിട്ടുണ്ട്. †

(ബി, സി) ഈ പ്രവർത്തനങ്ങളെക്കുറിച്ചാലോചിക്കാൻ പ്രത്യേക സമിതിയൊന്നുമില്ല. എന്നാൽ ഉൽസവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ചീഫ് ഗവൺമെന്റ് കോ-ഓർഡിനേറ്ററെ നിയമിക്കാറുണ്ട്.

(ഡി) വരും വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അനുബന്ധം ആയി കൊടുത്തിട്ടുണ്ട്. ††

ശ്രീ. ഇസ്ഹാക് കുരിക്കൾ: തെക്കേ ഇൻഡ്യയിലെ പ്രസിദ്ധമായ പുണ്യകേന്ദ്രങ്ങളാണ് തിരുപ്പതിയും ശബരിമലയും. ഇന്ന് തിരുപ്പതി ആക്ട് നിലവിലുണ്ട്. അതുപോലെ ശബരിമല ആക്റ്റ് നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; നടപ്പിൽ വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: ആലോചിച്ച് പറയേണ്ട കാര്യമാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: ഏത് കർമ്മത്തിനും ഏത് വിശ്വാസികളും പ്രാർത്ഥിക്കുന്നതിനുമുൻപ്, മുസ്ലീങ്ങളായാലും മറ്റുള്ളവരായാലും സ്നാനം നിർബന്ധമാണ്. ശബരിമലയിൽ പമ്പാ നദിയിലെ സ്നാനം അത്യാവശ്യമാണ്. മലീമസമായിട്ടുള്ള പമ്പാനദി ശുദ്ധീകരിക്കുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: അതാണ് അനുബന്ധം ഒന്നിലും രണ്ടിലുമായി കൊടുത്തിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ. മലിനീകരണ നിയന്ത്രണത്തിനും അതുപോലെ തന്നെ ശുദ്ധജല വിതരണത്തിനായും നിരവധി സ്കീമുകൾ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു).

---

† അനുബന്ധം II

†† അനുബന്ധം II A

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *3 (319) കാണുക]

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ശബരിമലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

(i) ശബരിമലയിലേക്കുള്ള റോഡുകളെല്ലാം സീസൺ തുടങ്ങുന്നതിനുമുമ്പ് ഗതാഗത യോഗ്യമാക്കി.

(ii) ചാലക്കയം-പമ്പ റോഡ് വീതി കൂട്ടുന്നതിനാവശ്യമായ വനഭൂമി നേടിയെടുത്തു. വീതി കൂട്ടൽ പ്രവർത്തനം ഘട്ടംഘട്ടമായി നടത്തി വരുന്നു.

(iii) വാഹന പാർക്കിംഗിന് നിലയ്ക്കലിൽ അമ്പതേക്കറും, പമ്പയിൽ അധികമായി അഞ്ചു ഹെക്ടർ സ്ഥലവും ലഭ്യമാക്കി.

(iv) തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനായി മരക്കൂട്ടത്ത് പത്ത് ഹെക്ടർ സ്ഥലം 'പെർമിസ്സിവ് യൂസിന്' ലഭ്യമാക്കി.

(v) പമ്പാമണപ്പുറത്ത് തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.

(vi) വാഹനങ്ങൾ പാർക്കു ചെയ്യുന്നത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആക്കുന്നതിന് പോലീസ് വകുപ്പ് നടപടികൾ കൈക്കൊണ്ടു.

(vii) വാഹനങ്ങളുടെ തിരക്കൊഴിവാക്കുന്നതിന് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് ഏർപ്പെടുത്തി.

(viii) വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫീഡർ ലൈനുകളും പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു.

(ix) പരമ്പരാഗത നടപ്പാതയായ ചന്ദ്രാനന്ദൻ റോഡ് കല്ലുവിരിച്ച് നന്നാക്കി. സ്വാമി അയ്യപ്പൻ റോഡും തീർത്ഥാടകർക്ക് സൗകര്യപ്രദമാക്കി.

(x) സുരക്ഷിതത്വം കണക്കിലെടുത്ത് സ്ഥിരം ബാരിക്കേഡുകൾ നിർമ്മിച്ചു.

(xi) പമ്പയിലെ ജലവിതാനം നിലനിർത്തുന്നതിന് താൽക്കാലിക ചെക്ക് ഡാമുകൾ നിർമ്മിച്ചു. സ്ഥിരം ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകി. ജലവിതാനം കുറയുമ്പോൾ ഡാം തുറന്ന് വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

(xii) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി. ആവശ്യാനുസരണം സർവ്വീസുകൾ ഏർപ്പെടുത്തി.

(xiii) സെക്യൂരിറ്റി സംവിധാനം കുറ്റമറ്റതാക്കി.

(xiv) ആവശ്യാനുസരണം ഡോക്ടർമാരെയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിച്ചു. മരുന്നുകൾ സ്റ്റോക്കു ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

(xv) നീലിമല കയറ്റത്തിലും അപ്പാച്ചിമേട്ടിലും കാർഡിയോളജി സെന്ററുകൾ സ്ഥാപിച്ചു.

(xvi) തീർത്ഥാടന പാതയിൽ ഓക്സിജൻ പാർലറുകൾ സ്ഥാപിച്ചു.

(xvii) കുടിവെള്ള വിതരണം കാര്യക്ഷമമാക്കി. കൂടുതൽ പൈപ്പുകൾ സ്ഥാപിച്ചു. കുടിവെള്ള ശുദ്ധീകരണം ആധുനികവത്ക്കരിച്ചു.

(xviii) മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി പമ്പയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും, ഇൻസിനറേറ്ററും സ്ഥാപിച്ചു.

(xix) പ്ലാസ്റ്റിക് നിരോധിച്ചു.

(xx) തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും, മകരവിളക്ക് ദർശനത്തിനും കൂടുതൽ സ്ഥലം ലഭ്യമാക്കി.

(xxi) പ്രസാദവിതരണം കൂടുതൽ കാര്യക്ഷമമാക്കി.

(xxii) ഇടത്താവളങ്ങളിലും പ്രധാന ക്ഷേത്രങ്ങളിലും അഭിഷേക ടിക്കറ്റുകൾ മുൻകൂട്ടി നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തി.

(xxiii) ഇൻഫർമേഷൻ സെന്ററുകൾ കൂടുതൽ സ്ഥാപിച്ചു. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങളിലും ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചു.

(xxiv) തീർത്ഥാടകർക്ക് അന്നദാനത്തിന് നടപടി സ്വീകരിച്ചു.

(xxv) പത്തനംതിട്ട ജില്ലാ കളക്ടറുടെ കീഴിലുള്ള സാനിട്ടേഷൻ സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിച്ചു. ഇതിനായി സർക്കാർ എല്ലാ വർഷവും നാൽപതു ലക്ഷം രൂപാ വീതം ഗ്രാന്റ് നൽകാൻ ഉത്തരവായി.

(xxvi) സന്നദ്ധ സംഘടനകളായ അയ്യപ്പസേവാസംഘം തുടങ്ങിയവയുമായി ചേർന്ന് ദേവസ്വം ബോർഡ് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തി.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി തലത്തിൽ തിരുവനന്തപുരത്തും പമ്പയിലും യോഗങ്ങൾ നടത്തി. ദേവസ്വംമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം, പമ്പ, എരുമേലി, ചെങ്ങന്നൂർ എന്നിവിടങ്ങളിലായി ഏകദേശം പത്തോളം യോഗങ്ങൾ ഓരോ വർഷവും വിളിച്ചു ചേർക്കുകയും തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തു. കൂടുതൽ വനഭൂമി ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രി തലത്തിലും ദേവസ്വം മന്ത്രി തലത്തിലും കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ഏകദേശം 20 ഹെക്ടർ വനഭൂമി 'പെർമിസ്സീവ് യൂസിന്' ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (എ)

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *3 (319) കാണുക]

വരുംവർഷങ്ങളിൽ ശബരിമലയിൽ നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ

(i) നിലവിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം വിപുലീകരിക്കുകയും, സന്നിധാനത്ത് പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതുമാണ്.

(ii) തീർത്ഥാടകർ ക്യൂ നിൽക്കുന്ന പരമ്പരാഗത പാതയുടെ വശങ്ങളിൽ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

(iii) ക്യൂവിൽ നിൽക്കുന്ന തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(iv) ആശുപത്രി പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

(v) ശബരിമലയിലെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(vi) സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി അപ്പം-അരവണ നിർമ്മാണം ക്ഷേത്ര കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(vii) പമ്പ-ചാലക്കയം റോഡ് വീതികൂട്ടി കോൺക്രീറ്റ് ചെയ്യുന്നതാണ്.

(viii) നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്.

(ix) പമ്പയിലും സന്നിധാനത്തും കൂടുതൽ ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതാണ്.

(x) ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം അടുത്ത സീസണു മുമ്പ് തീർക്കുന്നതാണ്.

(xi) തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന തീർത്ഥാടകരെ സഹായിക്കാൻ പ്രസ്തുത സർക്കാരുകളുടെ ഇൻഫർമേഷൻ കൗണ്ടറുകൾ പമ്പയിലും സന്നിധാനത്തും ആരംഭിക്കുന്നതാണ്.

(xii) വികസനപ്രവർത്തനങ്ങൾക്കായി കൂടുതൽ വനഭൂമി ലഭ്യമാക്കുന്നതിന് വീണ്ടും കേന്ദ്രസർക്കാരിനെ സമീപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly